©
കേരള സർക്കാർ
Government of Kerala
2025

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

കേരള ഗസറ്റ്
KERALA GAZETTE
അസാധാരണം
EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

വാല്യം 14
Vol. XIV

തിരുവനന്തപുരം,
വെള്ളി
Thiruvananthapuram,
Friday

2025 ആഗസ്റ്റ് 29
29th August 2025
1201 ചിങ്ങം 13
13th Chingam 1201
1947 ഭാദ്രം 7
7th Bhadra 1947

നമ്പർ
No.
3112

കേരള സർക്കാർ

സാമൂഹ്യനീതി (സി)വകുപ്പ്

വിജ്ഞാപനം

സ.ഉ.(അച്ചടി)നം.12/2025/സാനീവ 26-08-2025

തിരുവനന്തപുരം

എസ്. ആർ. ഒ. നമ്പർ 983/2025

2025-ലെ കേരള സംസ്ഥാന വയോജന കമ്മീഷൻ ആക്റ്റിലെ (2025-ലെ 5) 3-ാം വകുപ്പ് 1-ാം ഉപവകുപ്പ് പ്രകാരം നല്കപ്പെട്ട അധികാരം വിനിയോഗിച്ചുകൊണ്ട് 'കേരള സംസ്ഥാന വയോജന കമ്മീഷൻ' എന്ന പേരിൽ ഒരു നികായം രൂപീകരിച്ചുകൊണ്ടും , പ്രസ്തുത വകുപ്പിലെ (2),(3) ഉപവകുപ്പുകൾക്കനുസൃതമായി പ്രസ്തുത കമ്മീഷനിൽ താഴെപ്പറയുന്ന

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ചെയർപേഴ്സണെയും, അംഗങ്ങളെയും നിയമിച്ചുകൊണ്ടും, കേരള സർക്കാർ , ഇതിനാൽ വിജ്ഞാപനം പുറപ്പെടുവിക്കുന്നു, അതായത് :-

1. ശ്രീ. കെ. സോമപ്രസാദ് എക്സ് എം.പി, - ചെയർപേഴ്സൺ.
"വൈഷ്ണവം", മുതുവിലക്കാട് വെസ്റ്റ്,
പോരുവഴി (പി.ഒ), ശാസ്താംകോട്ട,
കൊല്ലം - 690520.

2. ശ്രീ. അമരവിള രാമകൃഷ്ണൻ, - അംഗം
"രാമഗിരി", ഊക്കോട് (പി.ഒ),
തിരുവനന്തപുരം -695020.

3. ശ്രീമതി. ഇ.എം. രാധ, - അംഗം
"8D കോട്ടൺ ഹിൽഹൈറ്റ്സ്",
വഴുതക്കാട്, തിരുവനന്തപുരം - 695010.

4. ശ്രീ. കെ.എൻ.കെ നമ്പൂതിരി, - അംഗം
" ചോമാഇളമൺ മന",
ചാത്തന്നാകുളം (പി.ഒ),
പോരുവഴി, കൊല്ലം -690520.

5. ശ്രീ. പ്രൊഫ. ലോപസ് മാത്യു, -അംഗം
"മേക്കാട്ട്",
ഈരാറ്റുപേട്ട (പി.ഒ),
കോട്ടയം - 686121.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

ഡോ.അദീല അബ്ദുള്ള ഐ എ എസ്
സ്പെഷ്യൽ സെക്രട്ടറി

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ അതിന്റെ പൊതുലക്ഷ്യം വെളിപ്പടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാകുന്നു.)

വയോജനങ്ങളുടെ ക്ഷേമവും സംരക്ഷണവുമായി ബന്ധപ്പെട്ട് മാർഗ്ഗനിർദ്ദേശങ്ങൾ നല്കുന്നതിനും, വയോജനങ്ങളുടെ പുരധിവാസം സാധ്യമാക്കുന്നതിനും അവരുടെ കഴിവുകളും പരിചയസമ്പത്തും പൊതു സമൂഹത്തിന് പ്രയോജനപ്പെടുത്തുന്നതിനാവശ്യമായ പദ്ധതികളും പ്രവർത്തനങ്ങളും ഏറ്റെടുത്തു നടത്തുന്നതിനും അവകാശസംരക്ഷണം ഉറപ്പുവരുത്തുന്നതിനുമായി കേരള സംസ്ഥാന വയോജന കമ്മീഷൻ രൂപീകരിക്കുന്നതിനും അതുമായി ബന്ധപ്പെട്ട കാര്യങ്ങൾക്കുവേണ്ടി വ്യവസ്ഥ ചെയ്യുന്നതിനുമായി കേരള സംസ്ഥാന വയോജന കമ്മീഷൻ ആക്റ്റ്-2025 നിലവിൽ വന്നിട്ടുണ്ട്. 2025-ലെ കേരള സംസ്ഥാന വയോജന കമ്മീഷൻ ആക്റ്റിലെ (2025-ലെ5) 3-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം, സർക്കാർ, പ്രസ്തുത ആക്റ്റിന്റെ പ്രാരംഭതീയതിക്കുശേഷം കഴിയുന്നത്ര വേഗം, പ്രസ്തുത ആക്റ്റിൻ കീഴിൽ കമ്മീഷന് നല്കിയിട്ടുള്ള അധികാരങ്ങൾ വിനിയോഗിക്കുന്നതിനും, ഏൽപ്പിച്ചുകൊടുത്ത ചുമതലകൾ നിർവ്വഹിക്കുന്നതിനും വേണ്ടി വിജ്ഞാപനം മുഖേന, “കേരള സംസ്ഥാന വയോജന കമ്മീഷൻ" എന്ന പേരിൽ ഒരു നികായം രൂപീകരിക്കേണ്ടതാണ് എന്നും പ്രസ്തുത വകുപ്പിലെ 2-ാം ഉപവകുപ്പ് പ്രകാരം കമ്മീഷനിൽ സർക്കാർ വിജ്ഞാപനം വഴി നിയമിക്കുന്ന ഒരു ചെയർപേഴ്സണും, നാലിൽ കവിയാത്ത എണ്ണം അംഗങ്ങളും ഉണ്ടായിരിക്കേണ്ടതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ “കേരള സംസ്ഥാന വയോജന കമ്മീഷൻ “ എന്ന പേരിൽ കമ്മീഷൻ രൂപീകരിക്കുന്നതിനും പ്രസ്തുത കമ്മീഷനിൽ 3-ാം വകുപ്പ് (2), (3) ഉപവകുപ്പുകൾക്കനുസൃതമായി ഒരു ചെയർപേഴ്സണെയും നാല് അംഗങ്ങളെയും നിയമിക്കുന്നതിനും സർക്കാർ തീരുമാനിച്ചു.

മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2025

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by VEERAN T
Date:2025.08.29 06:26:02 +05:30